ചുമതലപ്പെടുത്തുകയും ചെയ്തു. കൂടാതെ ബസ്സുടമകൾ സമർപ്പിക്കുന്ന ത്രൈമാസ റിട്ടേണുകളും ചാർജ്ജു നിർണ്ണയത്തിന് പരിഗണിക്കുന്നുണ്ട്. ഇതിനു പുറമെ മറ്റൊരു സംവിധാനത്തെക്കുറിച്ച് ആലോചനയില്ല.

വാഹനങ്ങളുടെ രജിസ്ട്രേഷൻ

81 [2853] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് നിയമപ്രകാരമുള്ള കാലയളവ് നിശ്ചയിച്ചിട്ടുള്ളത് എത്ര വർഷമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട നോട്ട്പാക്കിന്റെ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) പഴക്കം ചെന്ന വാഹനങ്ങൾ നിരുത്സാഹപ്പെടുത്താൻ വാഹന നികുതിയിൽ സർചാർജ്ജ് ഏർപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനിടയിൽ ഏതെല്ലാം ഇനത്തിലുള്ള എത്ര വാഹനങ്ങൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 15 വർഷം.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) രജിസ്റ്റർ ചെയ്ത വാഹനങ്ങളെ സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾ

82 [2854] ശ്രീ. മഞ്ഞളാംകുഴി അലി :
,, എ. കെ. ബാലൻ :
,, വി. കെ. സി. മമ്മത്കോയ :
,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളിൽ 'അതി സുരക്ഷാ നമ്പർ പ്ലേറ്റ്' പതിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മോട്ടാർ വാഹന വകുപ്പ് ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(സി) ഏത് തീയതിക്കകം പുതിയ വാഹനങ്ങളിൽ നമ്പർ പ്ലേറ്റ് പതിക്കണമെന്നാണ് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) നമ്പർ പ്ലേറ്റ് പതിക്കുന്നതിനുള്ള പുതിയ സംവിധാനം എങ്ങനെയായിരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2002-ലാണ് അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ വാഹനങ്ങളിൽ ഘടിപ്പിക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശമുണ്ടായത്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ബഹു. ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നമ്പർ പ്ലേറ്റ് നിർമ്മാതാക്കൾ ചോദ്യം ചെയ്യുകയുണ്ടായി. 1-6-2005 മുതൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ വാഹനങ്ങളിലും അതിസുരക്ഷ നമ്പർ പ്ലേറ്റുകൾ ഘടിപ്പിച്ചിരിക്കണമെന്ന 2004 ഡിസംബറിലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിൽ സ്വീകരിച്ചതും കാലാവധി കഴിഞ്ഞതുമായ ടെണ്ടർ ക്യാൻസൽ ചെയ്ത് പുതിയ ടെണ്ടറുകൾ ക്ഷണിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അപ്രകാരം സുപ്രീം കോടതി തീയതി നിർദ്ദേശിച്ചില്ല. ഇത് സംബന്ധിച്ച് സുപ്രീം കോടതിയിൽ നിലനിന്നിരുന്ന കേസുകൾ തള്ളുകയും അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കാനുള്ള തീരുമാനവുമായി മുന്നോട്ടു പോകാൻ നിർദ്ദേശിക്കുകയും ചെയ്ത സാഹചര്യത്തിൽ കേന്ദ്ര സർക്കാരാണ് 31-5-2005 മുതൽ പ്രാബല്യത്തിൽ വരുത്തണമെന്ന തീയതി നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) ഇക്കാര്യങ്ങൾ വിശദമായി സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ.

ഹൈടെക് ബസ്സുകളും സംസ്ഥാനത്തെ റോഡുകളും

83 [2855] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരത്തുകളിൽ നിന്നും കെ. എസ്. ആർ. ടി. സി. പിൻവലിച്ച ബസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പുതുതായി നിരത്തിലിറക്കിയ ബസ്സുകൾ എത്ര;

(സി) എത്ര ഹൈടെക് ബസ്സുകൾ വാങ്ങിയിട്ടുണ്ട്; എത്ര തുക ഇതിനു മാത്രമായി ചെലവു ചെയ്തു;

LIBRARY ARCHIVES Kerala Legislative Assembly